**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **10-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ മസ്റ്ററിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ മസ്റ്ററിങ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള MA 94/2022 in SMW(C) 6/2020-നമ്പർ കേസുമായി ബന്ധപ്പെട്ട് ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളുടെ e KYC അപ്ഡേഷൻ വിവരങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, അപ്ഡേഷൻ നടത്തുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്കും റേഷൻകട ലൈസൻസികൾക്കും പരിശീലനം നൽകുകയുണ്ടായി.<br><br>സംസ്ഥാനത്താകമാനമുള്ള ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളുടെ e KYC അപ്ഡേഷൻ നടപടികൾ, 2024 മാർച്ച് 15,16,17 തീയതികളിലായി പൂർത്തീകരിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും ഐ.ടി മിഷന്റെ സെർവർ തകരാർ കാരണം അപ്ഡേഷൻ നിർത്തിവച്ചിരുന്നു. തുടർന്ന് UIDAI യുടെ ആൾട്ടർനേറ്റ് AUA ഉപയോഗിച്ച് അപ്ഡേഷൻ നടത്തുന്നതിന് ലൈസൻസ് ഫീ ഇനത്തിൽ 3,54,000/- രൂപ അനുവദിക്കുകയുണ്ടായി. ഐ.ടി മിഷന്റെ AUA ഉപയോഗിച്ച് റേഷൻ വിതരണവും UIDAI യുടെ ആൾട്ടർനേറ്റ് AUA ഉപയോഗിച്ച് eKYC അപ്ഡേഷൻ നടത്തുവാനും ഇക്കാര്യത്തിൽ NIC-യുടെ സാങ്കേതിക സഹായം തേടാനും, ഐ.ടി മിഷന്റെ സെർവർ തകരാറിനെക്കുറിച്ച് പരിശോധിച്ച കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. റേഷൻ വിതരണത്തിന്റെയും eKYC അപ്ഡേഷന്റെയും ബയോമെട്രിക് ആധാർ പ്രക്രിയ രണ്ട് വ്യത്യസ്ത AUA ഉപയോഗിച്ച് നടത്തുന്നത് സംബന്ധിച്ച് ഡൽഹിയിൽ വച്ച് NIC യുമായി നടന്ന യോഗത്തിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ആൾട്ടർനേറ്റ് AUA സേവനം അടിയന്തിരമായി ലഭ്യമാക്കുന്നതിന് UIDAI, NIC എന്നിവർക്ക് കത്ത് നൽകിയെങ്കിലും സേവനം ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | മുൻപായി സെക്യൂരിറ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചു പ്രകാരം<br><br>സെക്യൂരിറ്റി ഓഡിറ്റിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br><br>ആകെ 1,32,05,918 ഭക്ഷ്യഭദ്രതാ ഗുണഭോക്താക്കളിൽ 21,58,202 പേരുടെ അപ്ഡേഷൻ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | തിരൂർ നിയോജക മണ്ഡലത്തിൽ റേഷൻ മസ്റ്ററിങ് നടത്തിയവരുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | തിരൂർ താലൂക്കിൽ ആകെ 38,809 NFSA ഗുണഭോക്താക്കളുടെ e KYC അപ്ഡേഷൻ നടത്തിയിട്ടുണ്ട്.<br><br>താലൂക്ക് അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് AePDS പ്രകാരം ലഭ്യമായിട്ടുള്ളത്. ആയതിനാൽ നിയോജക മണ്ഡലം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ